പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1378 14. 06. 2013- ലെ മറുപടി

## വിദേശരാജ്യങ്ങളിലെ ജയിലുകളിലുള്ള മലയാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. പി. ബി. അബ്ദുൾ റസാക്<br>ശ്രീ. പി. കെ. ബഷീർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ)വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ;<br><br>(ബി) എങ്കിൽ അതുസംബന്ധിച്ച് ശേഖരിച്ച വിവരങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; | (എയും ബിയും) ഇല്ല. വിദേശ ജയിലുകളിലെ മലയാളികളുടെ മാത്രം കണക്കെടുക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. |
| (സി) സംസ്ഥാന സർക്കാരിന്റെ ഇടപെടൽ കൊണ്ട് ജയിൽ മോചിതരാകാൻ കഴിയുന്നവരും നിസ്സാര കുറ്റങ്ങളുടെ പേരിൽ തടവിലാക്കപ്പെട്ടവരുമായ നിരവധിപേർ ഗൾഫ് നാടുകൾ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ തടവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി)ഇക്കാര്യങ്ങൾ പരിശോധിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകുമോ? | (ഡി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് അവരുടെ മോചനത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. ഈ കാര്യത്തിൽ ഗൾഫിലെ സാമൂഹ്യ പ്രവർത്തകരും മലയാളി സംഘടനകളും സഹായകമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.കൂടാതെ ഇത്തരം കേസുകളിൽ കൂടുതൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നതിനായി "പ്രവാസി ലീഗൽ എയ്ഡ് സെൽ" എന്ന ഒരു പദ്ധതിക്ക് രൂപരേഖ തയ്യാറാക്കിവരികയാണ്. |

സെക്ഷൻ ഓഫീസർ